**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1215** **10-10-2024 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണ രീതികളിലെ നൂതന സാങ്കേതികവിദ്യകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് നിർമ്മാണ രീതികളിൽ എന്തൊക്കെ സാങ്കേതികവിദ്യകളാണ് ഉപയോഗിക്കുന്നതെന്ന വ്യക്തമാക്കുമോ; | (എ) | കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ മറികടക്കാൻ ഉതകും വിധത്തിലും കൂടുതൽ കാലം ഈട് നിൽക്കുന്നതുമായ ബി.എം & ബി.സി നിലവാരത്തിലുള്ള റോഡുകൾ നിർമ്മിക്കുന്നതിനോടൊപ്പം ഈ വിഷയവുമായി ബന്ധപ്പെട്ട് നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ താഴെ പറയുന്ന രീതികളാണ് പൊതുമരാമത്ത് റോഡ് പ്രവൃത്തികൾക്കായി അവലംബിച്ചിട്ടുള്ളത്<br><br>• റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകൾ ടാർ ചേർത്ത് നിർമ്മാണത്തിന് ഉപയോഗിക്കുന്ന full depth reclamation technology.<br><br>Cement stabilized soil ഉപയോഗിച്ചുള്ള recycled road നിർമ്മാണ രീതി<br><br>NRMB ഉപയോഗിച്ചുള്ള നിർമ്മാണ രീതി<br><br>പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ചുള്ള നിർമ്മാണ രീതി<br><br>കയർ ഭൂവസ്ത്രം, Perforated vertical drain (PVD) ഇവ ഉപയോഗിച്ചുള്ള നിർമ്മാണ രീതി<br><br>KHRI നിർമ്മിച്ച കന്താൾ മിക്സ് ഉപയോഗിച്ച റോഡുകളുടെ കുഴികളടയ്ക്കൽ, ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള Cold inplace recycling നിർമ്മാണ രീതി, White topping നിർമ്മാണ രീതി എന്നിവ കൂടുതലായി നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ വന്നശേഷം പ്ലാസ്റ്റിക്, റബ്ബറൈസ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ചുള്ള റോഡ് | (ബി) | പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് പദ്ധതിയിൽ ഉൾപ്പെട്ട റോഡ് ഭാഗത്തിന്റെ 50% നീളം പ്ലാസ്റ്റിക്ക് |

| | | | |
|---|---|---|---|
| | നിർമ്മാണത്തിൽ എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ടെന്നറിയിക്കുമോ; | | ഉൾപ്പെടുത്തി നിർമ്മിക്കാനാണ് അനുമതി നൽകുന്നത്. Rubberised bitumen (NRMB) ആണ് bitumen concrete ഉപയോഗിച്ചുള്ള ഉപരിതലം നിർമ്മിക്കാൻ ഉപയോഗിക്കുന്നത്. നിലവിൽ ഇവയുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. |
| (സി) | കയർ ഭൂവസ്ത്രം ചേർത്തുള്ള റോഡ് നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള നിർമ്മാണ രീതികൾ അവലംബിക്കുന്നതിനായി സർക്കാർ GO No. 527/218/PWD dated 26.03.2018 പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആയതു പ്രകാരം site condition, fund ലഭ്യത, അസംസ്കൃത വസ്തുക്കളുടെ ലഭ്യത എന്നിവ അനുസരിച്ച് കയർ ഭൂവസ്ത്രം ചേർത്തുള്ള റോഡ് നിർമ്മാണ രീതികൾ അവലംബിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ